ॐ



പ്രസന്നോ ഭഗവാൻ കുബ്ജാം ത്രിവക്രാം രുചിരാനനം
ഋജ്വീം കർത്തും മനശ്ചക്രേ ദർശയൻ ദർശനേ ഫലം **(10-42-6)**
പദ്ഭ്യാമാക്രമ്യ പ്രപദേ ദ്വ്യം ഗുല്യുത്താനപാണിനാ
പ്രഗൃഹ്യ ചിബു കേƒധ്യാത്മമുദനീനമദച്യുത: **(10-42-7)**
സാ തദർജ്ജു സമാനാംഗീ ബൃഹച്ഛ്രോണിപയോധരാ
മുകുന്ദസ്പർശനാത് സദ്യോ ബഭൂവ പ്രമദോത്തമാ **(10-42-8)**

*ശുകമുനി തുടർന്നു:*
നഗരത്തിലേയ്ക്കു നടക്കുമ്പോൾ കൂനുണ്ടെങ്കിലും സുന്ദരിയായ ഒരു യുവതി ചന്ദനലേപവുമായി നടക്കുന്നത് കൃഷ്ണൻ കണ്ടു. അവളോട് ചന്ദനമാവശ്യപ്പെട്ടപ്പോൾ ഈ ലേപനം കംസനുവേണ്ടി പ്രത്യേകമായി അരച്ചുണ്ടാക്കിയതാണെന്നും അവളുടെ ഈ കൂട്ട് കംസന് ഏറെ പ്രിയപ്പെട്ടതാണെന്നും അവളറിയിച്ചു. എന്നിട്ടു പറഞ്ഞു. 'അങ്ങയേക്കാൾ കൂടുതൽ ഇതിനർഹമായി മറ്റാരുണ്ട്?' അവൾ ചന്ദനക്കൂട്ട് ഭക്ത്യാദരവോടെ രാമകൃഷ്ണൻമാർക്ക് നൽകി. ചന്ദനക്കൂട്ട് ദേഹത്തണിഞ്ഞ് അവർ പൂർവ്വാധികം ഭംഗിയോടെ ശോഭിച്ചു. കൂനിയായ യുവതിയുടെ നിവേദനത്തിൽ സംപ്രീതനായ കൃഷ്ണൻ അവളുടെ പാദങ്ങൾ തന്റെ പാദത്താലമർത്തിപ്പിടിച്ച് രണ്ടുവിരലുകൾക്കൊണ്ടവളുടെ താടി ഉയർത്തി. അപ്പോൾവരെ ത്രിവക്രയായിരുന്ന അവൾ ഒരു നിമിഷംകൊണ്ട് നേരെയായി. ഭഗവാനെ കാണുന്നതും ഭഗവൽസേവ ചെയ്യുന്നതും മഹിമയത്രെ. ആ ഭഗവാന്റെ കരസ്പർശം ഒന്നുകൊണ്ടു മാത്രം കൂനിയായ സ്ത്രീ സുന്ദരിയായ തരുണീമണിയായി മാറി. അവളും ഭഗവാനിൽ ആകൃഷ്ടയായി. ദിവ്യയുവാവിനോടുള്ള പ്രണയപാരവശ്യം കൊണ്ട് അവൾ കൃഷ്ണനെ സ്വഗൃഹത്തിലേക്ക് ക്ഷണിച്ചു. മഥുരയിലെ കൃത്യനിർവ്വഹണശേഷം അവളെ സന്ദർശിക്കാമെന്ന് കൃഷ്ണൻ വാക്കു കൊടുത്തു.

പരമശിവന്റെ വില്ലു സൂക്ഷിച്ചു വച്ചിരിക്കുന്ന സ്ഥലമേതെന്ന് കൃഷ്ണൻ അന്വേഷിച്ചു. അവിടെപ്പോയി അതെടുത്തുയർത്താൻ അദ്ദേഹം ചെന്നപ്പോൾ കാവൽക്കാർ തടഞ്ഞു. എന്നാൽ കൃഷ്ണൻ അതെടുത്തുയർത്തി രണ്ടു കഷണമാക്കി ഒടിച്ചു കളഞ്ഞു. വില്ലു മുറിഞ്ഞ ശബ്ദം കംസന്റെ ചെവിയിലുമെത്തി. കംസന്റെ യോദ്ധാക്കൾ കൃഷ്ണനെ തേടി വന്നു. എന്നാൽ രാമകൃഷ്ണൻമാർ വില്ലിന്റെ പകുതികൊണ്ട് എല്ലാവരേയും തുരത്തിയോടിച്ചു. സൂര്യാസ്തമയമായപ്പോൾ അവൽ നഗരാതിർത്തിയിലെ താവളത്തിലേക്കു മടങ്ങി. അവിടെ രാത്രി കഴിച്ചു കൂട്ടി.

കംസൻ തന്റെ യോദ്ധാക്കളെ രാമകൃഷ്ണൻമാർ തുരത്തിയോടിച്ച കാര്യമറിഞ്ഞ് വ്യാകുലപ്പെട്ടു. രാത്രി മുഴുവൻ നിദ്രാവിഹീനനായിക്കഴിഞ്ഞു. ഉറങ്ങാൻ തുനിയുമ്പോഴൊക്കെ ദുസ്വപ്നങ്ങൾ കാണുകയും ചെയ്തു. അടുത്ത പ്രഭാതത്തിൽ കംസന്റെ അനുയായികൾ ഒരു മല്ലയുദ്ധത്തിനുവേണ്ട കളരിയൊരുക്കി. കാണികൾക്കുള്ള ഇരിപ്പിടങ്ങൾ തയ്യാറായപ്പോൾ ജനങ്ങൾ മത്സരം കാണാൻ തിരക്കുക്കൂട്ടിയെത്തി. കംസൻ രാജകീയസ്ഥാനത്തിരുന്നു. പ്രശസ്തരായ മല്ലയുദ്ധവീരൻമാർ മത്സരത്തിനു തയ്യാറെടുത്തു. നന്ദനെയും മറ്റു ഗോപാലൻമാരെയും കംസൻ പ്രത്യേകം ക്ഷണിച്ചുവരുത്തിയിരുന്നു. അവർക്കായി പ്രത്യേകം ഇരിപ്പിടവും തയ്യാറാക്കിയിരുന്നു. എല്ലാവരും സ്വസ്ഥാനങ്ങളിലിരിപ്പായി.